പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. നിശ്ചയമായിട്ടും ഒരു ബദൽ ക്രമീകരണത്തെക്കുറിച്ചു പരിശോധിക്കാം.

(28) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം

ശ്രീ. ജോണി നെല്ലൂർ: സർ, കൊച്ചി-മധുര നാഷണൽ ഹൈവെ 47 മൂവാറ്റുപുഴയിലൂടെ കടന്നു പോകുന്ന ഒരു റോഡാണ്. മൂവാറ്റുപുഴ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി മൂവാറ്റുപുഴയിൽ ഒരു ബൈപ്പാസ് നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും അതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലമെടുപ്പ് നടപടികൾ വരെ ഏതാണ്ട് പൂർത്തിയായി വന്നിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ, കേന്ദ്രത്തിൽ നിന്നും വന്ന ഏതോ ഉദ്യോഗസ്ഥർ ഈ നാഷണൽ ഹൈവെയ്ക്ക് ഒരു ബൈപ്പാസ് ആവശ്യമില്ലെന്നും അവിടെയുള്ള ഫ്ളൈ ഓവറുകളോ നിലവിലുള്ള റോഡുകളോ വിപുലീകരിച്ചാൽ മതി എന്നുമുള്ള ഒരു റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതായി അറിയാൻ കഴിഞ്ഞു. മൂവാറ്റുപുഴ, തൃപ്പുണ്ണിത്തുറ, കോതമംഗലം എന്നീ ബൈപ്പാസ്സുകൾക്കായി 103 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാന്യനായ പൊതുമരാമത്തു വകുപ്പുമന്ത്രി ഈ നിയമസഭയിൽത്തന്നെ പറഞ്ഞതാണ്. മൂവാറ്റുപുഴയിലെ ജനങ്ങൾ ഇന്നും വളരെ ആശങ്കയിലാണ്. ഈ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ വേണ്ടി നിർദ്ദിഷ്ട മൂവാറ്റുപുഴ ബൈപ്പാസ് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മൂവാറ്റുപുഴ ബൈപ്പാസിന്റെ സ്ഥലമെടുപ്പ് നടപടികൾക്ക് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങളും വിശദമായ റിപ്പോർട്ടുകളും എസ്റ്റിമേറ്റുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രായലത്തിന് സമർപ്പിച്ചിട്ടുണ്ട്. മാത്രമല്ല ഈ ബൈപ്പാസിന്റെ പ്രിലിമിനറി സർവ്വേയ്ക്കുവേണ്ടി 10.87 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്രറോഡ് ഗതാഗത മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. തൃപ്പുണ്ണിത്തുറ, കോതമംഗലം, മൂവാറ്റുപുഴ എന്നീ ബൈപ്പാസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ 103 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 20-10-2005 മുതൽ 28-10-2005 വരെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിലെ എൻജിനീയറും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും വിദഗ്ദ്ധമായ പരിശോധനകൾ നടത്തി, ഫ്ളൈ ഓവറുകളുടെ നിർമ്മാണവും നിലവിലുള്ള ദേശീയ പാതയുടെ വികസനവുംകൊണ്ട് ബൈപ്പാസിന്റെ ആവശ്യകത പരിഹരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു. എന്നാൽ പ്രസ്തുത നിർദ്ദേശം പ്രായോഗികമല്ലെന്ന് വിശദീകരിച്ചുകൊണ്ട് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിനു പുറമെ എം.എൽ.എ. നൽകുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയെക്കൊണ്ട് ഒരു കത്ത് അയപ്പിച്ചിട്ടുണ്ട്. ബൈപ്പാസ് ഒരു തരത്തിലും നഷ്ടപ്പെടാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ ഗവൺമെന്റ് ചെലുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly